പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 235

# 2024-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 235

# 2024-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

95/2025.

# 2024-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

2006-ലെ കേരള കർഷക കടാശ്വാസ
കമ്മീഷൻ ആക്റ്റ് ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 5-ാം വകുപ്പിന്റെ ഭേദഗതി.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 5-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിന് ശേഷം ഇനിപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) (എ) വന്യജീവി ആക്രമണംമൂലമോ പ്രകൃതിക്ഷോഭംമൂലമോ വിളനാശം സംഭവിച്ചിട്ടുള്ള കർഷകന് ഉത്തമർണ്ണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടത്തിന്മേൽ സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന കാലയളവിലെ കടങ്ങൾക്കായി നിജപ്പെടുത്തുന്ന പ്രകാരം ന്യായ പലിശനിരക്കും കടത്തിന്റെ സമുചിത നിലവാരവും നിശ്ചയിക്കുന്നതിനും;"

(ബി) (സി) ഖണ്ഡത്തിൽ,—

(i) "ഖണ്ഡം (ബി) പ്രകാരം" എന്ന വാക്കുകൾക്കും ചിഹ്നത്തിനും അക്ഷരത്തിനും പകരം "ഖണ്ഡം (ബി) അല്ലെങ്കിൽ ഖണ്ഡം (ബി)(എ) പ്രകാരം" എന്ന വാക്കുകളും ചിഹ്നങ്ങളും അക്ഷരങ്ങളും ചേർക്കുക;

(ii) "ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരും" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "അതത് സംഗതിപോലെ ഉത്തമർണ്ണ സ്ഥാപനങ്ങളും അല്ലെങ്കിൽ ഉത്തമർണ്ണൻമാരും" എന്നീ വാക്കുകൾ ചേർക്കുക.

(സി) (ഡി) ഖണ്ഡത്തിൽ,—

(i)"(ബി) ഖണ്ഡത്തിൽ"എന്നതിന് പകരം"(ബി), (ബി)(എ)എന്നീ ഖണ്ഡങ്ങളിൽ" എന്ന ബ്രായ്ക്കറ്റുകളും ചിഹ്നങ്ങളും അക്ഷരങ്ങളും വാക്കുകളും ചേർക്കുക;

(ii) "ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരും"എന്നതിന് പകരം "അതത് സംഗതിപോലെ ഉത്തമർണ്ണ സ്ഥാപനങ്ങളും അല്ലെങ്കിൽ ഉത്തമർണ്ണൻമാരും" എന്നീ വാക്കുകൾ ചേർക്കുക.

(ഡി) (ഡി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ,—

"ഉത്തമർണ്ണന്" എന്ന വാക്കിന് പകരം "ഉത്തമർണ്ണ സ്ഥാപനത്തിനോ അല്ലെങ്കിൽ ഉത്തമർണ്ണനോ" എന്നീ വാക്കുകൾ ചേർക്കുക.

(ഇ) (ഇ) ഖണ്ഡത്തിൽ,—

(i) "(ബി) ഖണ്ഡത്തിൽ" എന്നതിന് പകരം "(ബി) അല്ലെങ്കിൽ (ബി)(എ) ഖണ്ഡത്തിൽ" എന്ന ബ്രായ്ക്കറ്റുകളും അക്ഷരങ്ങളും വാക്കുകളും ചേർക്കുക;

(ii) "ഉത്തമർണ്ണന്മാരുമായി" എന്ന വാക്കിന് പകരം "ഉത്തമർണ്ണ സ്ഥാപനവുമായോ ഉത്തമർണ്ണൻമാരുമായോ" എന്നീ വാക്കുകൾ ചേർക്കുക.

(ii) (2)-ാം ഉപവകുപ്പിൽ,—

(i) "(ബി) ഖണ്ഡത്തിൽ" എന്നതിന് പകരം "(ബി) അല്ലെങ്കിൽ (ബി)(എ) ഖണ്ഡത്തിൽ" എന്ന ബ്രായ്ക്കറ്റുകളും അക്ഷരങ്ങളും വാക്കുകളും ചേർക്കുക;

(ii) "ഉത്തമർണ്ണ സ്ഥാപനം ഒഴികെയുള്ള, ഉത്തമർണ്ണന്മാർക്ക്" എന്ന വാക്കുകൾക്ക് പകരം "ഉത്തമർണ്ണ സ്ഥാപനത്തിനോ അല്ലെങ്കിൽ ഉത്തമർണ്ണന്മാർക്കോ അതത് സംഗതിപോലെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേയ്ക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അല്ലെങ്കിൽ റഗുലേഷനും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ

പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം അല്ലെങ്കിൽ റഗുലേഷൻ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതി പോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കടബാദ്ധ്യതയാൽ ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി നിയമംമൂലം രൂപീകരിച്ച കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ സഹകരണ മേഖലയിലെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കടങ്ങൾക്ക് മാത്രമാണ് കടാശ്വാസം നൽകുന്നതിന് ശിപാർശ ചെയ്യുന്നത്. എന്നാൽ കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന ഒരു കർഷകന് പ്രകൃതിക്ഷോഭംമൂലവും വന്യജീവി ആക്രമണംമൂലവും വിളനാശം സംഭവിക്കുന്ന സാഹചര്യത്തിൽ വാണിജ്യ/ദേശസാൽകൃത ബാങ്കുകളിൽ നിന്നാണ് വായ്പയെടുത്ത് കൃഷി നടത്തിയതെന്ന കാരണത്താൽ അത്തരം കർഷകരുടെ പരാതികൾ കമ്മീഷന് പരിഗണിക്കുവാൻ സാധിക്കാതെയും നിയമംകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കാതെയും വരുന്നു. ഇത്തരത്തിൽ വാണിജ്യ/ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃഷി നടത്തിവരവെ അവ പൂർണ്ണമായി നശിച്ച് കടത്തിലകപ്പെട്ട ഒരു കർഷകൻ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ച പരാതിയിന്മേൽ എച്ച്.ആർ.എം.പി. നമ്പർ 365/11/12/2024/TVM കാർഷിക കടാശ്വാസത്തിന്റെ ആനുകൂല്യം വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത കർഷകർക്ക് ലഭിക്കാതിരിക്കുന്നത് വിവേചനമാണെന്ന വാദം ന്യായമാണെന്ന് കമ്മീഷൻ കരുതുന്നു എന്നും വാണിജ്യ/ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പയെടുക്കുകയും പ്രകൃതിക്ഷോഭംമൂലമോ വന്യജീവി ആക്രമണംമൂലമോ വിളനാശം സംഭവിച്ചിട്ടുള്ള യഥാർത്ഥ കർഷകർക്കുകൂടി സർക്കാരിന്റെ ആശ്വാസവും പരിഗണനയും ലഭ്യമാക്കേണ്ടതാണെന്നും 2024 ജൂൺ മാസം 6-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും ഒരു നിശ്ചിത തീയതിക്കുള്ളിൽ എടുത്തിട്ടുള്ള വായ്പകളിൽ കടാശ്വാസം അനുവദിക്കുന്നതിലേയ്ക്കായി ശിപാർശ ചെയ്യുവാൻ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ആവശ്യമായ നിയമഭേദഗതിയിലൂടെ സംസ്ഥാനത്തെ കർഷകർക്കുകൂടി അതേ രീതിയിൽ കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള പ്രയോജനം ലഭ്യമാക്കാവുന്നതാണ്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

കർഷകർ വാണിജ്യ/ദേശസാൽകൃത ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്കു കൂടി കടാശ്വാസം അനുവദിക്കുന്നതുവഴി സഞ്ചിതനിധിയിൽ നിന്നും അധിക തുക ചെലവ് വരുന്നതാണ്. എന്നാൽ കാലാകാലങ്ങളിൽ സർക്കാർ ഇളവ് അനുവദിക്കുന്ന കാലയളവും ന്യായപലിശ നിരക്കും കടത്തിന്റെ സമുചിത നിലവാരവും അനുസരിച്ചും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണത്തിനനുസരിച്ചും ചെലവാകുന്ന തുകയിൽ വ്യത്യാസം വരുന്നതിനാൽ കൃത്യമായ തുക കണക്കാക്കുന്നതിന് സാധ്യമല്ല. എന്നിരുന്നാലും പ്രാഥമികമായി അൻപത് ലക്ഷം രൂപ ചെലവാകുമെന്ന് കണക്കാക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (i)-ാം ഉപഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിച്ചിട്ടുള്ള പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പുതുതായി ചേർക്കുന്ന (ബി)(എ) ഇനത്തിൽ ഉത്തമർണ്ണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള വായ്പയിന്മേൽ കമ്മീഷൻ ഇളവ് പ്രഖ്യാപിക്കേണ്ടത് ഏത് കാലയളവ് വരെയുള്ള കടങ്ങൾക്കാണെന്നും അവയുടെ ന്യായപലിശനിരക്കും കടത്തിന്റെ സമുചിത നിലവാരവും നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടി ക്രമങ്ങൾ സംബന്ധിച്ചവയും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയവയും ആകുന്നു. കൂടാതെ, ചട്ടങ്ങളും ഉത്തരവുകളും ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ.ജയരാജ്, എം.എൽ.എ.

## 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2007-ലെ 1) നിന്നുള്ള പ്രസക്തഭാഗങ്ങൾ

* * * * *

5. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ അപ്രകാരമുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്, പ്രത്യേകിച്ചും,—

* * * * *

(ബി) ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരുടെ സംഗതിയിൽ, 6-ാം വകുപ്പ് പ്രകാരം അതത് സംഗതിപോലെ ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ, പ്രഖ്യാപിക്കപ്പെട്ട പ്രദേശവുമായോ വിളയുമായോ ബന്ധപ്പെട്ടോ അല്ലെങ്കിൽ ദുരിതബാധിതനായി പ്രഖ്യാപിക്കപ്പെട്ടതോ ആയ ഒരു കർഷകൻ ന്യായയുക്തമായി നൽകേണ്ടതെന്ന്, കമ്മീഷൻ കരുതുന്ന പ്രകാരമുള്ള ന്യായപലിശ നിരക്കും, കടത്തിന്റെ സമുചിത നിലവാരവും നിശ്ചയിക്കുന്നതിനും;

(സി) ഖണ്ഡം (ബി) പ്രകാരം നിശ്ചയിച്ച ന്യായപലിശ നിരക്കിന്റെയും കടത്തിന്റെ സമുചിത നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരും കടക്കാരായ കർഷകരും തമ്മിലുള്ള തർക്കങ്ങൾ ഒത്തുതീർപ്പാക്കുന്നതിനും അനുരഞ്ജനം ഏറ്റെടുക്കുന്നതിനും;

(ഡി) (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന പ്രകാരമുള്ള കർഷകരും ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരും തമ്മിലുള്ള തർക്കങ്ങൾ ന്യായനിർണ്ണയം നടത്തി, ഇരു കക്ഷികൾക്കും ബാധകമാകുന്ന അവാർഡുകൾ പാസാക്കുന്നതിനും:

എന്നാൽ, ഈ ഖണ്ഡപ്രകാരം ഒരു അവാർഡ് പാസാക്കുന്നതിന് മുമ്പ്, ഉത്തമർണ്ണന്, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്.

(ഇ) (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന കർഷകരുടെ വായ്പ എഴുതിത്തള്ളുന്നതിനും പലിശനിരക്ക് ഇളവു ചെയ്യുന്നതിനും വായ്പ പുനഃക്രമീകരിക്കുന്നതിനും വായ്പാ മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും ഉത്തമർണ്ണൻമാരുമായി കൂടിയാലോചനകളിൽ ഏർപ്പെടുന്നതിനും;

* * * * *

(2) 1-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന കർഷകരുടെ എല്ലാ കടങ്ങളും, ഉത്തമർണ്ണ സ്ഥാപനം ഒഴികെയുള്ള, ഉത്തമർണ്ണൻമാർക്ക് തിരിച്ചടയ്ക്കുന്നത് വിളയുടെയും വിളനഷ്ടത്തിന്റെയും സ്വഭാവം പരിഗണിച്ചുകൊണ്ട്, ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷത്തിൽ കവിയാത്തതുമായ കാലയളവിലേയ്ക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്:

* * * * *